റിസ്ക് ഫണ്ട് പദ്ധതി

112(2313) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുക്കുന്ന ആൾ വായ്പ ബാദ്ധ്യത ബാക്കി നിൽക്കെ മരണമടഞ്ഞാൽ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അയാൾക്ക് ഏതു രീതിയിലാണ് ആനുകൂല്യം ലഭ്യമാവുന്നത്, കടിശ്ശിക വരുത്താത്ത ഇടപാടുകാരനും ഇപ്രകാരമുള്ള ആനുകൂല്യം ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) വൈക്കം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും ബാങ്കുകൾ റിസ്ക് ഫണ്ട് പദ്ധതിയിൽപ്പെടാത്തതായി ഉണ്ടോ എന്നും ഉണ്ടെങ്കിൽ ഏതെല്ലാം ബാങ്കുകളാണ് എന്നും വെളിപ്പെടുത്തുമോ;

(സി) ബാങ്കുകൾ യഥാസമയം റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കാത്തതിന്റെ പേരിൽ ഒരു സഹകാരിക്ക് ആനുകൂല്യം നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടായാൽ ഇതിന്റെ നഷ്ടപരിഹാരം ആരിൽ നിന്നാവും ഈടാക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റിസ്ക് ഫണ്ട് പദ്ധതിയിൽ ചേർന്നിട്ടുള്ളതും സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്നതുമായ ആൾ വായ്പ ബാധ്യത ബാക്കി നിൽക്കെ മരണ മടഞ്ഞാൽ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അയാൾക്ക് ആനുകൂല്യം ലഭ്യമാക്കാൻ ടിയാളുടെ അനന്തരാവകാശി വായ്പക്കാരന്റെ മരണ സർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട സംഘത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ലഭിച്ചു കഴിഞ്ഞ് ഒരു മാസത്തിനകം സംഘം ഭരണസമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളതാണെങ്കിൽ ശിപാർശ ചെയ്തുകൊണ്ടുള്ള തീരുമാനം, റിസ്ക് ഫണ്ട് പദ്ധതി നിയമാവലി നിഷ്കർഷിച്ചിട്ടുള്ള മറ്റ് രേഖകൾ എന്നിവ സഹിതം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശിപാർശ സഹിതം 15 ദിവസത്തിനകം അപേക്ഷ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിക്ക് അയച്ചുകൊടുക്കണം. സംസ്ഥാന/ ജില്ലാ സഹകരണ ബാങ്കുകളിൽനിന്നുള്ള അപേക്ഷകളിൽ ജോയിന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്ററുടെ ശിപാർശയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽനിന്നുള്ള അപേക്ഷകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസറുടെ ശിപാർശയും മതിയാകുന്നതാണ്. റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മാനേജിംഗ് കമ്മിറ്റി ബന്ധപ്പെട്ട അപേക്ഷകൾ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ച് ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന റിസ്ക് ഫണ്ട് ധനസഹായ തുക ബോർഡ് ബന്ധപ്പെട്ട സംഘത്തിന് ട്രാൻസ്ഫർ ചെയ്ത് നൽകുകയും വിവരം അപേക്ഷകനായ അനന്തരാവകാശിയെ അറിയിക്കുകയും ചെയ്യുന്നു. തുക ലഭിച്ചു കഴിഞ്ഞാൽ സംഘം ടി വായ്പ കണക്ക് അവസാനിപ്പിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് 15 ദിവസത്തിനുള്ളിൽ ബോർഡിന് അയച്ചുകൊടുക്കുന്നു. റിസ്ക്ഫണ്ട് പദ്ധതിയുടെ നിയമാവലി പ്രകാരം വായ്പാകാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിലധികരിച്ചും വായ്പാകാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാകാലാവധി തീരുന്ന തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിലധികരിച്ചും വായ്പാ മുതലിലെ തിരിച്ചടവിൽ വീഴ്ച വരുത്താതിരുന്നാൽ റിസ്ക്ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ബി) വൈക്കം നിയോജകമണ്ഡലത്തിൽ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേർത്തിട്ടില്ലാത്ത രണ്ട് സഹകരണ സംഘങ്ങളുണ്ട്.

1. വൈക്കം ഗവൺമെന്റ് ടീച്ചേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 353

2. ഉദയനാപുരം അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 1111.

(സി) സംഘങ്ങൾ/ബാങ്കുകളുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന്റെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുമെന്ന് റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയിൽ ഈ സർക്കാർ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഏതെങ്കിലും സംഘങ്ങളുടെ മനഃപൂർവ്വമായ വീഴ്ചകാരണം ലഭ്യമാകാതെ വരുന്ന കേസുകളിൽ നിയമാനുസൃത നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക മേഖലയിലെ സഹകരണ സംഘങ്ങൾ

113 (2314) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങൾ ഉണ്ട് ; പ്രസ്തുത സംഘങ്ങൾക്ക് പ്രതിവർഷം ഗ്രാൻറായി നൽകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly